പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3400 24/06/13-ൽ മറുപടിക്ക്

**വയനാട് ജില്ലയിൽ മത്സ്യകൃഷി കർഷകർ നേരിട്ട പ്രശ്നങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) വയനാട് ജില്ലയിൽ വരൾച്ചമൂലം മത്സ്യകൃഷി കർഷകർ നേരിട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ; | (എ) ഉണ്ട്. വയനാട് ജില്ലയിൽ രൂക്ഷമായ വരൾച്ചമൂലം മാനന്തവാടി, ബത്തേരി, പനമരം ബ്ലോക്കുകളിലെ കുളങ്ങളിലെ വെള്ളം വറ്റിയതിനാൽ മത്സ്യകൃഷിനാശവും തന്മൂലം കർഷകർക്ക് ധനനഷ്ടവും സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബത്തേരി ബ്ലോക്കിലെ പൂൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ പൂർണ്ണമായും കൃഷിനാശം സംഭവിച്ചതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) എത്ര ലക്ഷം രൂപയുടെ നാശ നഷ്ടമാണ് ജില്ലയിലെ മത്സ്യ കൃഷി കർഷകർക്ക് നേരിട്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കമോ; | (ബി) വയനാട് ജില്ലയിൽ മാനന്തവാടി,ബത്തേരി, പനമരം ബ്ലോക്കുകളിൽ വരൾച്ചമൂലം 756 കർഷകരുടെ 96 ഹെക്ടർ സ്ഥലത്തെ മത്സ്യകൃഷിയ്ക്ക് നഷ്ടം സംഭവിക്കുകയും ഉല്പാദന ചിലവിന്റെ 25% എന്ന നിലയിൽ 47,73,024/- രൂപയുടെ നഷ്ടം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) വരൾച്ച ബാധിച്ച കർഷകർക്ക് ആശ്വാസ ധനസഹായം നൽകുന്ന പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകുന്നതിനായി ഉൽപ്പാദന ചിലവിന്റെ 25% നഷ്ടപരിഹാരം നൽകുന്നതു കണക്കാക്കി വയനാട് ജില്ലയിലെ മത്സ്യകർഷകർക്കായി 47,73,024/-രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കി ദുരന്തനിവാരണ (Disaster Management) വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ